**15 -ാം കേരള നിയമസഭ**

**10 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2824** **13-02-2024 - ൽ മറുപടിയ്ക്ക്**

**വിഴിഞ്ഞം പോർട്ടിൽ നിന്നുമുള്ള വരുമാനം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ചാണ്ടി ഉമ്മൻ | | ശ്രീ. വി.എൻ വാസവൻ<br>(തുറമുഖം - സഹകരണ വകുപ്പ് മന്ത്രി) | |
| (എ) | വിഴിഞ്ഞം തുറമുഖത്തിന്റെ അടിസ്ഥാന സൗകര്യവികസനത്തിനായി നാളിതു വരെ അനുവദിച്ച തുക എത്ര; എത്ര തുകയാണ് നടപ്പ സാമ്പത്തിക വർഷം വിഴിഞ്ഞം ഇന്റർ നാഷണൽ സീപോർട്ട് ലിമിറ്റഡ് ആവശ്യപ്പെട്ടിട്ടുള്ളത്; വ്യക്തമാക്കാമോ; | (എ) | വിഴിഞ്ഞം അന്താരാഷ്ട്ര തുറമുഖത്തിനായി നാളിതുവരെ 1373.36 കോടി രൂപ സംസ്ഥാന സർക്കാർ അനുവദിച്ചിട്ടുണ്ട്. ഇതിൽ, 69.73 കോടി രൂപയാണ് അടിസ്ഥാന സൗകര്യ വികസനത്തിനായി അനുവദിച്ചത്. നടപ്പ സാമ്പത്തിക വർഷം 1473.63 കോടി രൂപയാണ് വിഴിഞ്ഞം ഇന്റർനാഷണൽ സീപോർട്ട് ലിമിറ്റഡ് സംസ്ഥാന സർക്കാരിനോട് ആവശ്യപ്പെട്ടിട്ടുള്ളത്. |
| (ബി) | ക്രെയിനുമായി ആദ്യ കപ്പൽ വിഴിഞ്ഞം തുറമുഖത്തെത്തിയതിന്റെ ഉദ്ഘാടന ചടങ്ങിനായി സർക്കാർ എന്തു തുക ചെലവഴിച്ചു; ഇപ്രകാരം ആദ്യ കപ്പൽ വന്നതിനെ തുടർന്ന് സർക്കാരിന് ലഭ്യമായ വരുമാനത്തിന്റെ വിവരങ്ങൾ അറിയിക്കാമോ; | (ബി) | ക്രെയിനുമായി ആദ്യ കപ്പൽ വിഴിഞ്ഞം തുറമുഖത്തെത്തിയതിന്റെ ഉദ്ഘാടന ചടങ്ങിനായി 31.36 ലക്ഷം രൂപ വിഴിഞ്ഞം ഇന്റർനാഷണൽ സീപോർട്ട് ലിമിറ്റഡ് ചെലവഴിച്ചു. ആദ്യ കപ്പൽ വന്നതിനെത്തുടർന്ന് വരുമാനമൊന്നും ലഭ്യമായിട്ടില്ല. |
| (സി) | കരാർ പ്രകാരം സംസ്ഥാന സർക്കാർ എത്ര തുക വിഴിഞ്ഞം ഇന്റർ നാഷണൽ സീപോർട്ട് ലിമിറ്റഡിന് നിലവിൽ നൽകാനുണ്ട്; നാളിതു വരെ എത്ര വരുമാനം വിഴിഞ്ഞം പോർട്ടിൽ നിന്നും സർക്കാരിന് ലഭ്യമായിട്ടുണ്ട്; വിശദമാക്കുമോ? | (സി) | വിഴിഞ്ഞം അന്താരാഷ്ട്ര തുറമുഖത്തിന്റെ നിർമ്മാണത്തിനായി വിഴിഞ്ഞം ഇന്റർനാഷണൽ സീപോർട്ട് ലിമിറ്റഡ് ആവശ്യപ്പെടുന്ന മുറയ്ക്ക് സർക്കാർ ഫണ്ട് അനുവദിക്കാറുണ്ട്. ഇത്തരത്തിൽ നാളിതുവരെ 1373.36 കോടി രൂപ വിഴിഞ്ഞം അന്താരാഷ്ട്ര തുറമുഖത്തിനായി അനുവദിച്ചിട്ടുണ്ട്. വിഴിഞ്ഞം പോർട്ടിൽ നിന്നും നാളിതുവരെ വരുമാനമൊന്നും ലഭ്യമായിട്ടില്ല. |

സെക്ഷൻ ഓഫീസർ